(ബി) ഇതിന് ചെലവായ സംഖ്യ ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) ആർ.എൽ.ഇ.ജി.പി. സ്കീമിൽ 1985-86 സാമ്പത്തിക വർഷം റോഡുകളും നിർമ്മിക്കുന്നതിന് ഡി.ആർ.ഡി.എ. പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരുന്നുവോ ;

(ഡി) പ്രസ്തുത പ്രൊജക്ട് റിപ്പോർട്ടുകൾ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ അംഗീകരിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള ഭവനനിർമ്മാണം, ഗ്രാമീണ റോഡുകളുടെ നിർമ്മാണം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലെ വെള്ളക്കെട്ടു പ്രദേശങ്ങളുടെ സംരക്ഷണ ജോലികൾ, പാലക്കാട് ജില്ലയിൽ ജലസേചന കനാലുകളുടെ നിർമ്മാണം, സാമൂഹ്യവനവൽക്കരണ പരിപാടികൾ, ഗ്രാമീണ സാനിട്ടറി കക്കൂസുകളുടെ നിർമ്മാണം എന്നിവയാണ് 1985-86 സാമ്പത്തിക വർഷത്തിൽ ആർ.എൽ.ഇ.ജി.പി. പ്രകാരം ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ.

(ബി) ജില്ലാടിസ്ഥാനത്തിലുള്ള വിവരം ഇതോടൊപ്പം ചേർത്തിട്ടുണ്ട്. †

(സി) തയ്യാറാക്കിയിരുന്നു.

(ഡി), (ഇ) സംസ്ഥാന സർക്കാർ അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്.

ഐ.ആർ.ഡി.പി. സ്കീം അനുസരിച്ച് നടപ്പാക്കിയ പ്രവർത്തനങ്ങളെപ്പറ്റിയുള്ള പരാതി

309. [484] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ആർ.ഡി.പി. സ്കീം അനുസരിച്ച് നടപ്പാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള പരാതികളെ സംബന്ധിച്ച് അന്വേഷണം നടത്താൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) അന്വേഷണത്തിനു നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ ആരാണ് ;

(സി) അന്വേഷണ റിപ്പോർട്ട് ഗവൺമെൻറിനു ലഭിച്ചോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു പ്രത്യേക ഉദ്യോഗസ്ഥനെ മാത്രം ഇക്കാര്യത്തിലേക്ക് നിയോഗിച്ചിട്ടില്ല. പരാതികൾ കിട്ടുമ്പോൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻമാർ ആവശ്യമായ അന്വേഷണം നടത്തി, നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ, കളക്ടർക്കു പൂർണ്ണ

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly

വിശ്വാസമുള്ള ഉദ്യോഗസ്ഥൻമാർ ഉൾക്കൊള്ളുന്ന ''വിജിലൻസ് സെല്ലുകൾ'' രൂപീകരിക്കാനുള്ള നിർദ്ദേശവും നിലവിലുണ്ട്.

(സി), (ഡി) അന്വേഷണ റിപ്പോർട്ടുകൾ, കിട്ടുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാറുണ്ട്. ഏത് റിപ്പോർട്ടാണെന്ന് വ്യക്തമല്ലാത്തതു കൊണ്ട് വിശദാംശം വെളിപ്പെടുത്താൻ സാദ്ധ്യമല്ല.

ആർ.എൽ.ഇ.ജി.പി. പദ്ധതിയിലെ റോഡ് നിർമ്മാണം

310. [486] ഡോക്ടർ. കെ. സി. ജോസഫ് :

ശ്രീ. റ്റി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 1985-86-ൽ ആർ.എൽ.ഇ.ജി.പി. പദ്ധതിയിൽ റോഡ് നിർമ്മാണ പദ്ധതി നടപ്പിലാക്കിയോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ റോഡ് പുതുതായി നിർമ്മിച്ചു ;

(ഡി) ഈ പദ്ധതിയിൽ എത്ര വീടുകൾ തീർത്തു ;

(ഇ) ആർ.എൻ.ഇ.ജി.പി. പദ്ധതിയിൽ കൂടുതൽ സാമ്പത്തിക സഹായം കേന്ദ്രത്തിൽ നിന്നും ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ പണികൾ നടപ്പിൽ ആക്കിയില്ല.

(ബി) കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച സ്കീമിന്റെ അനുമതി കാത്തിരിക്കുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 10-3-1986-ലെ കണക്കനുസരിച്ച് 5620 വീടുകൾ.

(ഇ) ആവശ്യമായ എല്ലാനടപടികളും എടുത്തിട്ടുണ്ട്.

ആർ.എൽ.ഇ.ജി.പി. പദ്ധതിയനുസരിച്ചുള്ള റോഡ്

311. [487] ശ്രീ. കെ.ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 1985-86-ൽ ആർ. എൽ. ഇ. ജി. പി. പദ്ധതിയനുസരിച്ച് സംസ്ഥാനത്തൊട്ടാകെ എത്ര കിലോമീറ്റർ റോഡാണ് പണിയാൻ തീരുമാനിച്ചിട്ടുള്ളത് ;

(ബി) അതിൽ ഇതേവരെ എത്ര റോഡുകളുടെ പണിതീർന്നു ;

(സി) ഓരോ ജില്ലയിലും അനുവദിച്ച റോഡുകൾ എത്രയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 814.48 കിലോമീറ്റർ ദൈർഘ്യം വരുന്ന 415 റോഡ് പ്രവർത്തികൾ അംഗീകാരത്തിനു കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) റോഡുകളുടെ പണി അനുമതി ലഭിച്ചശേഷമേ തുടങ്ങുകയുള്ളൂ.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly